# വലിയ വിശ്വാസം

## മത്തായി 15:28

**"യേശു അവളോടു; സ്ത്രീയേ നിന്റെ വിശ്വാസം വലിയതു; നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ എന്നു ഉത്തരം പറഞ്ഞു."**

യേശുക്രിസ്തു തന്റെ ശിഷ്യന്മാരുമായി സോർ, സീദോൻ പ്രദേശങ്ങളിലേക്കു പോയപ്പോൾ യേശുവിനെ കാണാനായി വന്ന കാനാന്യ സ്ത്രീ; കർത്താവേ, ദാവീദ്പുത്രാ എന്ന് അഭിസംബോധന ചെയ്ത് അവന്റെ കരുണയ്ക്കായി യാചിക്കുകയണ്. തന്റെ മകളെ ബാധിച്ച ഭൂതോപദ്രവത്തെക്കുറിച്ചു നിലവിളിച്ചു പറഞ്ഞു. എന്നാൽ യേശു അവളോടു മറുപടി ഒന്നും പറഞ്ഞില്ല. ആ സ്ത്രീയെ ഒഴിവാക്കാനായി, അവളെ പറഞ്ഞു വിടേണം എന്ന് ശിഷ്യന്മാർ ഗുരുവിനോടു ആവശ്യപ്പെട്ടു. അപ്പോൾ യേശുക്രിസ്തു പറഞ്ഞത് യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല എന്നാണ്. എന്നിട്ടും ആ സ്ത്രീ പിന്മാറാൻ തയ്യാറായില്ല. വീണ്ടും യേശുവിനെ നമസ്കരിച്ചു അവന്റെ സഹായത്തിനായി യാചിച്ചു. അപ്പോൾ അവൻ പറഞ്ഞ മറുപടി ഇപ്രകാരമാണ് 'മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല എന്ന്.'

എന്നിട്ടും അവൾ പിന്മാറിയില്ല, കാരണം തന്റെ മകളുടെ സൗഖ്യം തന്റെ രക്ഷകന്റെ കൈകളിലാണ് എന്ന് അവൾക്കറിയാമായിരുന്നു. അതുകൊണ്ട് കർത്താവ് തന്നെ അവഗണിച്ചിട്ടും, നായ്ക്കുട്ടിയോടു ഉപമിച്ചിട്ടും, അവൾ മടുത്തുപോകാതെ തന്റെ അനുഗ്രഹത്തിനായി യാചിക്കുന്നു. ഇവിടെ യഹോവയായ ദൈവം അവളെ പരീക്ഷിക്കുകയായിരുന്നു. ഇതൊന്നും അവളുടെ വിശ്വാസത്തെ തകർക്കുവാനായിട്ടല്ലായിരുന്നു; മറിച്ച് അവളെ വിശ്വാസത്തിൽ ഉറപ്പിക്കുകയായിരുന്നു. അപ്പോൾ അവൾ പറഞ്ഞ മറുപടിയും വളരെ ശ്രദ്ധാർഹമാണ് 'അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ.'

പ്രിയരേ, ആ കാനാന്യ സ്ത്രീയുടെയത്ര വിശ്വാസം ഇന്നു വിശ്വാസികളെന്നു പറയുന്ന നമുക്കുണ്ടോ? ഒരുനിമിഷം നാം ഒന്നു ആലോചിക്കേണ്ടതാണ്. എബ്രായർ 11:6 ൽ ഇപ്രകാരം പറയുന്നു 'എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.' അതെ

ആ കാനാന്യ സ്ത്രീയുടെ വലിയതായ വിശ്വാസത്തിൽ ദൈവം പ്രസാദിക്കുകയും അവളുടെ മകൾക്കു സൗഖ്യം കൊടുക്കുകയും ചെയ്തു.

അതുകൊണ്ട് ദൈവപൈതലേ, ഈ ജീവിതകാലചക്രത്തിൽ ഒരു ചെറിയ പ്രതിസന്ധി ഉണ്ടാകുമ്പോൾ, എന്റെ ദൈവമേ എനിക്കെന്തെ ഇങ്ങനെ വന്നു എന്നു ചോദിക്കാതെ, ജീവനെ ഉളവാക്കിയ പിതാവിനു അസാധ്യമായത് ഒന്നുമില്ല, ജീവിതത്തിൽ തരുന്ന ഓരോ കടമ്പകളും നമ്മുടെ നാശത്തിനല്ല പിന്നെയോ പണിതെടുത്തു നമ്മെ പുതിയ മുത്തുകളാക്കാനാണ്, അതു നമ്മുടെ നന്മയ്ക്കായിട്ടാണ്, നമ്മുടെ വിശ്വാസം നമ്മുടെ പ്രവൃത്തിയിലൂടെ ഉറപ്പിക്കാനാണ്. 1 പത്രോസ് 1:6–9 ൽ ഇപ്രകാരം കാണുന്നു, 'അതിൽ നിങ്ങൾ ഇപ്പോൾ അൽപനേരത്തേക്കു നാനാപരീക്ഷകളാൽ ദു:ഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചെയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും. അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചും കൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കുകയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു.'

അതുകൊണ്ട് നമുക്കും നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കാം. മടുത്തുപോകാതെ പ്രാർത്ഥിക്കാം. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

പരാമർശം :

1 യോഹന്നാൻ 5:4

ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 005